## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 631 — 10.06.2014-ൽ മറുപടിയ്ക്ക്

### എസ്.ടി.പ്രൊമോട്ടർമാർ

**ചോദ്യം** — **മറുപടി**

**ശ്രീ.എസ്.രാജേന്ദ്രൻ**

**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | എസ്.ടി പ്രൊമോട്ടർമാരെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ വകുപ്പുകൾ/ ഏജൻസികൾ തുടങ്ങിയവ വഴി നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗക്കാരിൽ എത്തിക്കുന്നതിനും, സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിലേയ്ക്കുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള യുവതീ യുവാക്കളെ ഇന്റർവ്യൂ നടത്തി എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരായി നിയമിക്കുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിൽ 1007 എസ്.ടി പ്രൊമോട്ടർമാരും, 106 ഹെൽത്ത് പ്രൊമോട്ടർമാരുമാണ് ഉള്ളത്. ഇവരുടെ നിയമനം തികച്ചും താല്ക്കാലികവും, ഒരു വർഷക്കാലത്തേയ്ക്കു മാത്രവുമായിരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| ബി) | ഇവരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) | പരിഗണനയിലില്ല. |
| സി) | ഇവരുടെ വേതന വർദ്ധനവും മറ്റും പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | സി) | പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ